# ഞങ്ങൾക്കല്പം ഇടം തന്നാലും

ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും

**തനിക്കു** താനും പുരയ്ക്കു തൂണും എന്നൊരു ചൊല്ലുണ്ട്. നാലു തൂണിലാണ് പുര നിൽക്കുന്നത്. അത് അതിന്റെ ആകൃതിയിലും അന്തസ്സിലും ഉയർന്നുനിൽക്കുന്നത് അതിന് ആ തൂണുകളുള്ളതുകൊണ്ടാണ്. ആ തൂണുകൾ അതിന്റെ ഭാഗമാണ്, സ്വന്തമാണ് എന്നതുപോലെ തനിക്കു തലയുയർത്തി നിൽക്കാൻ താൻതന്നെ തുണയാവണമെന്നാണ് ആ പഴമൊഴിയുടെ അർത്ഥം. മറ്റൊരാളുടെ കൈത്താങ്ങിൽ ഉയർന്നുനിൽക്കാൻ ശ്രമിച്ചാൽ അയാൾ കൈവലിക്കുന്നതോടെ നമ്മൾ നിലംപൊത്തും. തനിക്ക് താങ്ങ് ആവത്തക്കവിധമുള്ള വിദ്യാഭ്യാസം കിട്ടുമ്പോഴാണ് ഓരോ വ്യക്തിയും തനിക്കു താൻ പോന്നവരായിത്തീരുന്നത്.

നമ്മളെന്ന ഭാരതസമൂഹം പലരുടെയും കൈത്താങ്ങിലാണിന്ന് ഉയർന്നുനിൽക്കുന്നത്. പലരെയും കൈകൊടുത്തുയർത്തി വഴിതെളിച്ചു നടത്തിയിരുന്ന ഭാരതസമൂഹം പരസഹായമില്ലാതെ നിവർന്നു നിൽക്കാനാവാത്തവരായി. നമുക്ക് സ്വന്തം കാലിൽ നട്ടെല്ലു നിവർത്തി തലയുയർത്തി നിൽക്കേണ്ടേ? നമ്മുടെ സ്വന്തം രീതികളെല്ലാം കളഞ്ഞ് കടംകൊണ്ട വിദ്യാഭ്യാസപദ്ധതിയും വേഷഭൂഷാദികളുമണിഞ്ഞ് കോമാളിവേഷം കെട്ടി നിൽപാണ് നമ്മൾ. നമ്മുടെ ശരീരം മാത്രമല്ല മനസ്സും ദുർബലമായിപ്പോയിരിക്കുന്നു.

കെട്ട വിദ്യാഭ്യാസംകൊണ്ടു മാത്രമാണ് നമ്മളിത്തരത്തിലായത്. കെട്ടിമേച്ചിലുകളധികമാവുകയും ഒട്ടും കാതലില്ലാതാവുകയും ചെയ്ത നമ്മുടെ വിദ്യാഭ്യാസത്തെ അർത്ഥവത്താക്കണമെന്നു പറയാനാണ് ഞങ്ങൾ ശ്രമിച്ചത്. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലം ഞങ്ങളിവിടെ വിദ്യാഭ്യാസ പരീക്ഷണങ്ങളിലായിരുന്നു. അതിന്റെ അനുഭവങ്ങളാണ് ഇത്തരമൊരു പുസ്തകത്തിനാധാരം. അദ്ധ്യാപകരെന്ന നിലയിലും മാതാപിതാക്കളെന്ന നിലയിലും ഉത്തരവാദിത്വങ്ങൾ ഞങ്ങൾക്കേറെയുണ്ടെന്നു ഞങ്ങളറിയുന്നു. എടുത്താൽപ്പൊങ്ങാത്തൊരു വിഷയമാണ് ഞങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നതെന്നു ഞങ്ങൾക്കറിയാം. പക്ഷേ ഞങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠകളാണ് ഇത്തരമൊരു ഭാരമെടുത്തുയർത്താൻ ഞങ്ങളെ പ്രേരിപ്പിച്ചത്.

നമ്മുടെ മക്കളുടെ മനസ്സും വളരണം. ശരീരവും വളരണം. ഒന്നു മറ്റൊന്നിനു ഗുണം ചെയ്തു പരസ്പരം പൂരകമായി വളരണം. നമുക്കു ജീവിക്കണം, മറ്റുള്ളവർക്കും, മറ്റുള്ളവയ്ക്കും ജീവിക്കണം. അതുപോലെ നമ്മുടെ നിലനിൽപ്പും മറ്റു ചരാചരങ്ങളുടെ നിലനിൽപ്പും പ്രധാനമാണ്. മനുഷ്യൻ അജയ്യനല്ല. നമുക്കുള്ള വിശേഷബുദ്ധി മറ്റുള്ളതിനെ ദ്രോഹിക്കാനല്ല. ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും സുഖമായി ജീവിക്കാനാണുപയോഗിക്കേണ്ടത്. ഈ ചിന്താഗതി നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ അന്തസ്സത്തയായിരിക്കണം. അതുകൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസപദ്ധതിയുടെ ലക്ഷ്യം ജീവിക്കുക, ജീവിക്കാനനുവദിക്കുക; നിലനിൽക്കുക, നിലനിൽക്കാനനുവദിക്കുക എന്നു നിർദ്ദേശിച്ചിരിക്കുന്നത്.

വിഷയം വ്യക്തമാക്കുന്നതിന് പത്രവാർത്തകൾ പലതും ഉപയോഗപ്പെടുത്തേണ്ടിവന്നു. അതിൽ പേരെടുത്തു പറഞ്ഞിട്ടുള്ള വ്യക്തികളോട് ഞങ്ങൾക്കനുഭാവവും ബഹുമാനവുമേയുള്ളൂ. ഓരോരുത്തരുടെ ഉത്തമവിശ്വാസങ്ങളിൽ നിന്നുകൊണ്ടുമാത്രമേ അവർക്ക് ഓരോ കാര്യങ്ങൾ ചെയ്യാനാവുകയുള്ളൂ. തെറ്റായ പ്രവണതകളെ ചൂണ്ടിക്കാണിക്കാനുപയോഗിച്ച അവരുടെ വാർത്തകൾ നമ്മുടെ കുഞ്ഞുങ്ങളുടെ നല്ല ഭാവിക്കുപകരിക്കട്ടെ എന്നുമാത്രമേ കരുതിയിട്ടുള്ളൂ. അത് ആ അർത്ഥത്തിൽ മാത്രമേ എടുക്കാവൂ എന്നപേക്ഷ.

മഹത്തരമായതൊന്നും പുതിയതായി കണ്ടെത്തി അവതരിപ്പിക്കുകയല്ല ഞങ്ങൾ. ഇവിടെയുണ്ടായിരുന്നതും മഹത്തരമായതും നിലനിൽപിനത്യന്താപേക്ഷിതമെന്നു തോന്നിയവയും തപ്പിപ്പെറുക്കി കൂട്ടിയിണക്കി നിരത്തിവയ്ക്കുകയാണു ഞങ്ങൾ. ഞങ്ങളതു ചെയ്യുമ്പോൾ ഞങ്ങളുടെ ചൂരും ചൂടുമുണ്ടാവുമല്ലോ. ലളിതവും ചെലവു കുറഞ്ഞതുമായൊരു വിദ്യാഭ്യാസ പദ്ധതി അവതരിപ്പിക്കാനാണു ഞങ്ങൾ ശ്രമിച്ചത്. അദ്ധ്യാപകരെന്ന നിലയിലും മാതാപിതാക്കളെന്ന നിലയിലും ഞങ്ങൾക്കു ചെയ്യുവാനുള്ളത് ഇതു മാത്രമാണ്. ഇത് ഞങ്ങളുടെ ജീവിതവും സ്വപ്നവുമാണ്. നമ്മുടെ മക്കൾക്കായി ഒരു വിദ്യാഭ്യാസ പദ്ധതി നമുക്കു താങ്ങാവുന്നതും നമ്മുടെ മക്കളുടെ ജീവിതത്തിന് താങ്ങ് ആവുന്നതുമായ വിദ്യാഭ്യാസപദ്ധതി, അതിന്റെ കരടുരൂപം മാത്രമാണിത്. ഇവിടത്തെ അദ്ധ്യാപകവിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ, നമ്മുടെ ഇളംതലമുറയുടെ ഭാവി

**നമ്മുടെ മക്കൾ മിടുക്കരാണ്, മിടുമിടുക്കരാണ്**
**അവരെ വിശ്വാസത്തിലെടുക്കുക**
**നമ്മൾ ചെയ്തതിനെക്കാൾ മഹത്തരമായതെന്തോ**
**അവർക്കിവിടെ ചെയ്യാനുണ്ട്.**
**അവരുടെ ലോകത്ത് അവരുടെ**
**കാല്പാടുകളും കാഴ്ചപ്പാടുകളും**
**പതിപ്പിക്കാൻ അവർക്കവസരമൊരുക്കിക്കൊടുക്കുക.**
**ഇനിയത്തെ ലോകം അവർക്കുള്ളതാണ്.**

യിൽ ഉത്കണ്ഠയുള്ളവർ എല്ലാം ഈ കരടുരൂപം ഗൗരവമായ ചർച്ചയ്ക്കെടുക്കണം. നമുക്കിതു പൂർത്തിയാക്കാൻ കൂട്ടായി ശ്രമിക്കാം. തൽക്കാലം പൂർണ്ണമല്ലാത്ത ഈ കരടു രൂപം ഞങ്ങൾ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കട്ടെ.

ഇത് ഇങ്ങനെയൊരു പുസ്തകത്തിലൊതുക്കാനല്ല ഞങ്ങളുടെ ആഗ്രഹം. ഇതിൽ പറഞ്ഞിട്ടുള്ള രീതികൾ നടപ്പിൽ വരുത്തുന്നൊരു പള്ളിക്കൂടമുണ്ടാവണം. അതിനുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തണം. ബോധനരീതികൾ തയ്യാറാക്കണം. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിലൂടെയുള്ള ഞങ്ങളുടെ പരീക്ഷണങ്ങളിൽനിന്ന് അതു സാദ്ധ്യമാവുമെന്നു ഞങ്ങളുറച്ചുവിശ്വസിക്കുന്നു. എല്ലാം മനസ്സിലുണ്ട്. അടുക്കിക്കൂട്ടിതന്നെ കൊണ്ടുനടക്കുകയാണു ഞങ്ങൾ. അതു കടലാസ്സിലാക്കണം, പുസ്തകമാക്കണം. തുടർന്ന് പൂർണ്ണമായും ജനകീയമായി അതു നടപ്പിൽ വരുത്തണം. വിദ്യാഭ്യാസ പദ്ധതിയുടെ ഈ കരടുരൂപം ചർച്ച ചെയ്തു വിലയിരുത്തി സ്വീകരിക്കപ്പെടുന്ന മുറയ്ക്ക് എല്ലാം വഴിക്കു വഴിയേ സംഭവിക്കും.

നമ്മുടെ മക്കളുടെ ജീവിതത്തിനു താങ്ങാവുന്നൊരു വിദ്യാഭ്യാസപദ്ധതിയും അത് നടപ്പിൽ വരുത്തുവാനുള്ള പ്രവർത്തനപദ്ധതിയും അതിനനുയോജ്യമായ വിദ്യാലയഘടനയും മനസ്സിലേറ്റി ഞങ്ങളിവിടെ നിൽക്കുന്നു. അതു നടപ്പിൽ വരുത്തുന്നതിന് ഒരു ചുവടുറപ്പിക്കുവാൻ മാത്രമായി ഒരടിമണ്ണ് യാചിക്കുകയാണു ഞങ്ങൾ. ഞങ്ങളുടെ സഹജീവികളുടെ ഉള്ളിന്റെയുള്ളിലെ വളക്കൂറുള്ള ഒരു ചുവടുമണ്ണ്. അവിടേക്ക് ഈ വിദ്യാഭ്യാസ പദ്ധതിയുടെ ഇത്തിരിപ്പോന്നൊരു വിത്തു പാകിക്കിളിർപ്പിക്കാൻ ഞങ്ങൾക്കൽപം ഇടം തന്നാലും.

*(അവലംബം : താങ്ങാവുന്ന വിദ്യാഭ്യാസം)*

*സാരംഗ്, ചിറ്റൂർ ഡാം പി.ഒ., അഗളി, അട്ടപ്പാടി*

> **ഇനിയത്തെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമതായിരിക്കണം. ഇനിയിവിടെ ഏതെങ്കിലുമൊരു ജീവവംശം നിലനിൽക്കണമെന്നുണ്ടെങ്കിൽ അത്തരമൊരു ലക്ഷ്യത്തോടെ ലോകത്തെ എല്ലാ മനുഷ്യക്കുഞ്ഞുങ്ങളെയും കുഞ്ഞിനെയും വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. മറ്റാരെങ്കിലും തുടങ്ങുമെന്നോർത്തു കാത്തിരിക്കാതെ ആ തുടക്കമിവിടെയാവട്ടെ, ഇന്നുതന്നെയാവട്ടെ.**

---

● **പുസ്തകപരിചയം**

# താങ്ങ് ആവുന്ന വിദ്യാഭ്യാസം

**പി.എ.എ.**



**താങ്ങാവുന്ന വിദ്യാഭ്യാസം**
ഗോപാലകൃഷ്ണനും
വിജയലക്ഷ്മിയും
പേജ് 138, വില: 70 രൂപ
ഡി.സി. ബുക്സ്, കോട്ടയം

മതസരാധിഷ്ഠിതമല്ലാതെ പഠിക്കാനും, സ്വാഭാവികമായ എല്ലാ കഴിവുകളും പ്രകടിപ്പിക്കാനും കഴിയുന്ന ഒരു വിദ്യാഭ്യാസം സ്വപ്നം കാണുന്നവർക്ക് ഒരു കൈപുസ്തകമാണ് അട്ടപ്പാടി 'സാരംഗി'ലെ ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും കൂടി തയ്യാറാക്കിയ 'താങ്ങാവുന്ന വിദ്യാഭ്യാസം' എന്ന പുസ്തകം. കഴിഞ്ഞ ഇരുപത്തഞ്ചു വർഷക്കാലത്തോളം തങ്ങൾ നടത്തിയ പോരാട്ടസമാനമായ ജീവിതാനുഭവങ്ങളാണ് ഈ പുസ്തകത്തിലൂടെ അവർ വിശദീകരിക്കുന്നത്. ഒരു നല്ല സമൂഹം രൂപപ്പെടുത്തുന്നതിൽ ആ സമൂഹം കുട്ടികൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസ ക്രമത്തിന് ഏറെ പങ്കുണ്ടെന്ന് ഇവർ വിശദീകരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം അനുഭവങ്ങളാണെന്നും അതിലധിഷ്ഠിതമായിരിക്കണം പാഠ്യപദ്ധതിയെന്നും അനുഭവങ്ങളിലൂടെ ഇവർ പറയുന്നു. പുസ്തകത്തിന് പുറത്തുള്ള അനുഭവങ്ങളിലൂടെ അറിയുകയും, ഈ അറിവുകളിലൂടെ നൈസർഗികമായി ഉണ്ടാവുന്ന കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ ഓരോരുത്തരും അവരവരുടെ അഭിരുചികൾക്കനുസരിച്ചുള്ള മേഖലകളിൽ എത്തിപ്പെടുന്നു. ഇന്ന് അച്ഛനമ്മമാരുടെ ഇഷ്ടത്തിനും മാന്യതയ്ക്കും വേണ്ടിയാണ് മക്കൾ പഠിക്കുന്നതും തൊഴിൽ തേടുന്നതും. ഇവയ്ക്ക് ബദലാകാനും പഠനം ആനന്ദകരമാക്കാനും ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസ രീതികളാണ് ഈ പുസ്തകം മുന്നോട്ടു വയ്ക്കുന്നത്. രക്ഷിതാക്കൾക്ക് താങ്ങാവുന്നതും തങ്ങൾക്കുതന്നെ താങ്ങ് ആവുന്നതുമായ വിദ്യാഭ്യാസം എന്നാണ് ഇവർ ഇതിനെ വിശേഷിപ്പിക്കുന്നത്. ഈ ലോകവും ജീവജാലങ്ങളും ഇങ്ങനെ നിലനിൽക്കാനും മുന്നോട്ടു പോകുവാനും കഴിയണമെങ്കിൽ ഇത്തരം വിദ്യാഭ്യാസം നാം സ്വീകരിച്ചേ പറ്റൂ എന്ന് നമ്മെ ഈ പുസ്തകം ഓർമ്മിപ്പിക്കുന്നു.

**കേരളീയം അടുത്ത ലക്കങ്ങളിൽ പ്രതീക്ഷിക്കുക**

● ക്വസ്റ്റ് ഫീച്ചേഴ്സ് & ഫൂട്ടേജ് ഡയറക്ടർ സുചിത്രയുമായി മാധ്യമങ്ങളെക്കുറിച്ച് സംഭാഷണം
● അഡ്വ. കെ. രാംകുമാറുമായി അഭിമുഖം.
● ഡോ. വെങ്കിടിന്റെ 'നീർമറിതട വികസനം – ചില ചിന്തകൾ' തുടരുന്നു.
● ഡോ. സതീഷ് ചന്ദ്രൻ, സി. ജയകുമാർ, സി.ആർ. പരമേശ്വരൻ തുടങ്ങിയവരുടെ കുറിപ്പുകൾ.





**ഇപ്പോൾ വില്പനയിൽ/ഏതാനും കോപ്പികൾകൂടി**

**കേരളീയം വികസനം പ്രത്യേക പതിപ്പ്**

പേജ് 92, വില 20 രൂപ, എം.ഒ./ഡി.ഡി./പി.ഒ./തപാൽ സ്റ്റാമ്പ് അയയ്ക്കുക.

കേരളീയം, കൊക്കാലെ, തൃശൂർ–21